"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2015-16-കാസർഗോഡ് നിയോജക മണ്ഡലം- കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ആധൂർ - ജാറം മസ്ജിദ് റോഡ് പാലം നിർമ്മാണം - പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം നടത്തൽ - ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.2464/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/12/2020

---

2

പരാമർശം:- 1 24.06.2016-ലെ സ. ഉ. (സാധാ) നമ്പർ: 1980/2016/തസ്വഭവ.

2 ബഹു: കാസർ ഗോഡ് എംഎൽ എ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ 03.06.2017 ലെ കത്ത്.

3 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.08.2019 ലെ ഡിബി7/6760/2019/സിഇ/തസ്വഭവ നമ്പർ കത്ത്.

4 ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പിന്റെ 04.08.2020-ലെ എൻ.സി.-സി/160/2016-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

ബഹു: കാസർഗോഡ് എം.എൽ.എ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവർകളുടെ 2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാറഡുക്ക ഗ്രാമപഞ്ചായ ത്തിലെ ആധൂർ - ജാറം മസ്ജിദ് റോഡ് പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് പരാമർശം (1) ഉത്തരവിലെ ക്രമനമ്പർ (2) പ്രകാരം 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി ആരംഭിച്ചപ്പോൾ ഫൗണ്ടേഷൻ അളവിൽ വ്യത്യാസം ഉണ്ടായതിനെ തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ബഹു എംഎൽഎ-യുടെ പരാമർശം (2)-ലെ കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ 38,50,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരാമർശം (3) പ്രകാരം തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റ് തുക 35 ലക്ഷം രൂപയായിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 26.1% താഴ്ന്ന നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തത്. നിലവിൽ ഈ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിക്കുകയും ബിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 27,83,512 രൂപയാണ് അന്തിമ ബിൽ തുക. ഈ പ്രവൃത്തിയുടെ കരാർ ഉറപ്പിച്ച തുക (Ageed PAC) 25,85,417 രൂപയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ബിൽ തുകയിൽ 1,98,095 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഭരണാനുമതി നല്കിയ തുകയായ 35 ലക്ഷം രൂപയിൽ നിന്നു തന്നെ ഈ തുക കണ്ടെത്താൻ സാധിക്കുന്നതാണ്.

ആധൂർ - ജാറം മസ്ജിദ് റോഡ് പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഭരണാനുമതി തുകയേക്കാൾ 3,50,000 രൂപാ അധികരിച്ച് 38,50,000 രൂപയാണെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ അന്തിമ ബിൽ തുകയായ 27,83,512/- രൂപാ ഭരണാനുമതി തുകയേക്കാൾ കുറവായതിനാൽ ടി പ്രവൃത്തിക്ക് ചെലവായ ബിൽ തുകയായ 27,83,512/- രൂപാ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ 4515 - 00 - 800 - 96 - Projects Under LAC - ADS (NP) എന്ന ശീർഷക ത്തിൽ

നിന്നും അനുവദിച്ച നല്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയൂർ - ജാറം മസ്ജിദ് റോഡ് പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 38.5 ലക്ഷം രൂപയുടേതാണെങ്കിലും അന്തിമ ബിൽ തുകയായ 27,83,512/- രൂപാ ഭരണാനുമതി തുകയേക്കാൾ കുറവായതിനാൽ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കി അന്തിമ ബിൽ തുകയായ 27,83,512/- രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ഉത്തരവാകുന്നു.

ഈ പദ്ധതിയുടെ അന്തിമ ബിൽ തുക നൽകാനാവശ്യമായ ചെലവുകൾ 4515-00-800-96 Project under LAC ADS (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നില നിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്

സെക്രട്ടറി, കാഡറുക്ക ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ